പോലീസ് വകുപ്പിലെ അനുപാതം നടപ്പാക്കാത്ത ജില്ലകൾ

1491. [2241] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ 1:1:5:25 എന്ന അനുപാതം നടപ്പാക്കാത്ത ജില്ലകൾ ഏതെല്ലാം ആണ് ;

(ബി) തൃശ്ശൂർ ജില്ലയിൽ ഈ അനുപാതം നടപ്പിലാക്കാത്തതിന്റെ കാരണമെന്താണ് ;

(സി) തൃശ്ശൂർ ജില്ലയിൽ ഈ അനുപാതം എന്നത്തേക്ക് നടപ്പാക്കും?

ഉത്തരം

(എ, ബി) സംസ്ഥാന പോലീസ് വകുപ്പിന് മുഴുവൻ ബാധകമായി അനുപാതം ഒന്നും നിശ്ചയിച്ചിട്ടില്ല. പക്ഷേ പോലീസ് സ്റ്റേഷനുകൾക്ക് നിശ്ചയിച്ചിട്ടുള്ള 1:1:5:25 എന്ന അനുപാതം തിരുവനന്തപുരം, കൊല്ലം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പാക്കിയിട്ടില്ല. മറ്റ് ജില്ലകളിൽ ഉണ്ടായിരുന്ന അനുപാതം പോലീസ് വകുപ്പിന്റെ ജില്ലാതല പുനഃസംഘടനയോടുകൂടി ഇപ്പോഴും പൂർണ്ണമായി പാലിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) എല്ലാ ജില്ലകളിലേയും പോലീസ് സംവിധാനം പുനഃസംഘടിപ്പിച്ചതിനുശേഷമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കൂ.

പാർട്ടി മാറിയതുമൂലമുണ്ടായ സംഘട്ടനങ്ങൾ

1492. [2242] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ രാഷ്ട്രീയ പാർട്ടികളിൽ നിന്നും ആളുകൾ മാറിയതിന്റെ പേരിൽ ഉണ്ടായ സംഘട്ടനങ്ങളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആരെല്ലാമാണ് പ്രസ്തുത സംഘട്ടനങ്ങളിൽ മരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 43 പേർ

(ബി) മരണപ്പെട്ടവരുടെ പാർട്ടി തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു

1.	കോൺ : (ഐ)	14
2.	സി. പി. എം.	10
3.	ആർ. എസ്. എസ്.	8
4.	ബി. ജെ. പി.	3
5.	ഐ. യു. എം. എൽ.	2
6.	സി. ഐ. ടി. യു.	2
7.	ഡി. വൈ. എഫ്. ഐ.	1
8.	കോൺഗ്രസ് (എസ്)	1
9.	കേരള കോൺഗ്രസ്	1
10.	സി. പി. ഐ.	1
		43

മരിച്ചവരുടെ പേരും വിവരവും രേഖപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly